കളിക്കോപ്പുകൾ സ്ഥാപിക്കൽ, പ്രതിമകൾ, കൂടാതെ പാർക്കിന്റെ അറ്റകുറ്റപ്പണികൾ മുതലായവ ഉദ്ദേശിക്കുന്നു. നിലവിലുള്ള കഫറ്റേറിയയുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ നിർവ്വഹിക്കുന്നതാണ്.

(38) എം. എൽ. എ. മാരുടെ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട സ്പീക്കർ കൂടി ശ്രദ്ധിക്കേണ്ട ഒരു വിഷയമാണിത്. ഫിനാൻസ് ഡിപ്പാർട്ടുമെന്റ് എം. എൽ. എ. മാരുടെ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് എന്നു പറഞ്ഞുകൊണ്ട് ഈ വർഷം 47 കോടി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കാസർകോഡ്, കണ്ണൂർ എന്നീ രണ്ട് ജില്ലകൾക്ക് ഒരു നയാപൈസ പോലും അനുവദിച്ചിട്ടില്ല. 15 എം.എൽ.എ.മാർ പ്രതിനിധീകരിക്കുന്ന സ്ഥലമാണ്. അതിൽ 10 പേർ ഇടതുപക്ഷമുന്നണിയിലെ എം. എൽ. എ. മാരാണ്. കടുത്ത വിവേചനമാണ് ഈ രണ്ടുജില്ലകളോടും കാണിച്ചത്. ഇത് ബോധപൂർവ്വമാണെന്ന് ഞാൻ സംശയിക്കുന്നു. രണ്ടുജില്ലകളിലേയും എം. എൽ. എ. ഫണ്ടിന്റെ പ്രവർത്തനത്തിൽ ഇനിയും വളരെ കാലതാമസം വരും. ഇത് എങ്ങനെയാണ് സംഭവിച്ചത്; ആ ജില്ലയിലെ കളക്ടർമാർ റിപ്പോർട്ട് ചെയ്യാത്തതാണെങ്കിൽ ബന്ധപ്പെട്ട കളക്ടർമാരോട് വിശദീകരണം ചോദിക്കണം. എം. എൽ. എ. ഫണ്ടിന്റെ കാര്യത്തിൽ ഇത്തരം അനാസ്ഥ ഉണ്ടാകാൻ പാടില്ല. ധനകാര്യവകുപ്പുമന്ത്രി പേഴ്സണൽ ആയിട്ട് ഈകാര്യത്തിൽ ഇടപെടണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, 15 മിനിറ്റു മുമ്പാണ് എനിക്ക് ഇതുസംബന്ധിച്ച വിവരം ലഭിച്ചത്. അല്ലെങ്കിൽ ഞാൻ ഇക്കാര്യം സംബന്ധിച്ച് ഇതിനകംതന്നെ അന്വേഷിച്ച് പറയുമായിരുന്നു. സാധാരണ കളക്ടേഴ്സിന്റെ റിപ്പോർട്ട് വന്നതിനുശേഷമാണ് തുക അനുവദിക്കുന്നത്. അതുകൊണ്ട് റിപ്പോർട്ട് വരാത്തതുകൊണ്ടായിരിക്കും ഇത് ഉൾപ്പെടുത്താത്തത് എന്ന് ഞാൻ കരുതുന്നു. എതായാലും ഇന്നുതന്നെ ഇതിനെക്കുറിച്ച് അന്വേഷിക്കുന്നതാണ്. അല്ലെങ്കിൽ റിപ്പോർട്ട് തരാൻ ബന്ധപ്പെട്ട കളക്ടർമാരോട് അടിയന്തിരമായി ആവശ്യപ്പെടുന്നതാണ്. ഈ മാതിരി കാര്യത്തിൽ ഒരു ഡിസ്ക്രിമിനേഷനും ഇല്ല. ഇത് എല്ലാവർക്കുംകൂടിയല്ലേ തന്നിരിക്കുന്നത്. അടിയന്തിരമായും അത് നൽകും. പക്ഷേ ഫോർമാലിറ്റീസ് പൂർത്തിയാക്കണം. എം. എൽ. എ.മാർ എഴുതിക്കൊടുത്തിട്ടുണ്ടെങ്കിൽ അവർ അയയ്ക്കേണ്ടതാണ്. അല്ലെങ്കിൽ അത് കൃത്യവിലോപമാണ്. അത് തീർച്ചയായിട്ടും അവരോട് ആവശ്യപ്പെടാം.

LIBRARY ARCHIVES Kerala Legislative Assembly